റിപ്പോർട്ട് ചെയ്യപ്പെട്ട മോഷണം, ഭവനഭേദന കേസുകൾ

29 [803] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002, 2003, 2004 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മോഷണം, ഭവനഭേദനം, കവർച്ച, കൊലപാതകം, സ്ത്രീപീഡനം എന്നിവയുടെ കണക്ക് തരംതിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ അവയുടെ കണക്ക് തരംതിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ)

	2002	2003	2004	ആകെ
മോഷണം ..	6,085	5,477	5,628	17,190
ഭവനഭേദനം ..	4,526	4,311	4,410	13,247
കവർച്ച ..	586	607	618	1,811
കൊലപാതകം ..	423	415	387	1,225
സ്ത്രീപീഡനം ..	5,373	5,349	5,758	16,480

(ബി) ഉണ്ട്. അറസ്റ്റ് ചെയ്തവരുടെ കണക്ക് താഴെ ചേർക്കുന്നു.

	2002	2003	2004	ആകെ
മോഷണം ..	3,577	3,805	3,798	11,180
ഭവനഭേദനം ..	2,005	2,198	2,274	6,477
കവർച്ച ..	1,009	1,042	857	2,908
കൊലപാതകം ..	1,136	1,001	773	2,910
സ്ത്രീപീഡനം ..	7,419	7,014	7,114	21,547

ഹൈവേ പെട്രോളിംഗ്

30 [804] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൈവേ പട്രോളിംഗിന് ആകെ എത്ര വാഹനങ്ങളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly